بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ സംഗ്രഹം 25-09-2026**

# വാഗ്ദത്ത മസീഹി(അ)ന്റെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്ത ശേഷം ഹസൂർ അൻവർ(അയ്യദഹുല്ലാഹ്) അരുൾ ചെയ്തു:
കഴിഞ്ഞ ചില ഖുതുബകളിൽ റസൂലുല്ലാഹി (സ) തിരുമേനിയുടെ സീറത്ത് വിവരിക്കവെ അവിടുത്തെ തവക്കുലിന്റെ ഉന്നത നിലവാരത്തെക്കുറിച്ചാണ് ഞാൻ വിവരിച്ചുകൊണ്ടിരുന്നത്. ഈ കാലഘട്ടത്തിൽ തിരുനബി(സ)യുടെ സത്യസന്ധനായ ദാസൻ അവിടുത്തെ മാതൃകയ്ക്കനുസൃതമായി അത് നമുക്കായി എങ്ങനെ വിവരിച്ചുതന്നു, എന്തെല്ലാം അധ്യാപനങ്ങൾ നൽകി, അതിൽ എങ്ങനെ പ്രവർത്തിച്ചു എന്നതിനെക്കുറിച്ച് ഇന്ന് ഞാൻ ചില കാര്യങ്ങൾ പറയാം.
ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:
തവക്കുൽ എന്നാൽ ഒരു കാര്യം നേടിയെടുക്കുന്നതിനായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഭൗതിക മാർഗോപാധികൾ കഴയുന്നത്ര അവലംബിക്കുകയും, അതിനുശേഷം 'അല്ലാഹുവേ! നീ തന്നെ ഇതിന്റെ പര്യവസാനം നന്നാക്കിത്തീർക്കേണമേ. ഈ മാർഗ്ഗങ്ങളെ തകർത്ത് തകിടം മറിക്കാൻ കഴിയുന്ന വിപത്തുകളും ദുരിതങ്ങളും നിരവധിയാണ്. അവയുടെ ആഘാതത്തിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിച്ച് യഥാർഥ വിജയത്തിലേക്കും ലക്ഷ്യസ്ഥാനത്തേക്കും ഞങ്ങളെ എത്തിക്കേണമേ' എന്ന് പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുക എന്നതാണ്.
ഇതിനെ വിശദീകരിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു:
മനുഷ്യൻ ഭൗതിക മാർഗോപാധികൾ ഉപയോഗിക്കുന്നവനാണെങ്കിലും അവൻ ആശ്രയിക്കുന്ന മാർഗോപാധികൾ തകർത്തു കളയുന്ന അനവധി മുസീബത്തുകളും സാഹചര്യങ്ങളുംഉണ്ടായേക്കാം. അതിനാൽ,അവയുടെ ദോഷഫലങ്ങളിൽനിന്ന് കാത്തുരക്ഷിക്കുന്നതിനായി അല്ലാഹുവിനോട് സഹായമർഥിക്കുകയാണ് വേണ്ടത്. ഈയൊരു അവസ്ഥയിൽ ചരിക്കുമ്പോഴാണ് ഒരു മുഅ്മിൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവനായി മാറുന്നത്.
ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുൾ ചെഅയ്യുന്നു:
അല്ലാഹുവിൽ തൃപ്തനാവുക എന്നത് എല്ലാവർക്കും സാധിക്കണമെന്നില്ല; തവക്കുലിന്റെയും തബത്തുലിന്റെ അഥവാ അല്ലാഹുവിലേക്ക് പൂർണ്ണമായിതിരിയുന്നതിന്റെയും ദൈവാഭീഷ്ടത്തിന് വഴിപ്പെടുന്നതിന്റെയും ഉന്നതമായ പദവിയാണിത്. ഈ പദവിയിൽ എത്തിച്ചേരുന്നതോടെ മനുഷ്യന് തന്റെ രക്ഷിതാവിനോട് ഒരുവിധ പരാതിയോ പരിഭവമോ ഉണ്ടാകുകയില്ല. അല്ലാഹു തന്റെ ദാസനിൽ തൃപ്തനാവുക എന്നത് ദാസന്റെ അങ്ങേയറ്റത്തെ സത്യസന്ധത, വിശ്വസ്തത, ജീവിതപരിശുദ്ധി, പൂർണ അനുസരണം എന്നിവയിൽ . സ്വഹാബികൾ ദിവ്യജ്ഞാനത്തിന്റെയും ആത്മീയ പ്രയാണത്തിന്റെയും സമസ്ത പദവികളും പൂർത്തിയാക്കിയിരുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. സ്വഹാബാക്കൾ അല്ലാഹുവിൽനിന്ന് കൈവരിച്ച ദൈവിക ബന്ധവും തവക്കുലുമാണ് നമുക്ക് മാതൃകയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.
ഹുസൂർ തിരുമനസ്സ് പറഞ്ഞു: തന്റെ അനുയായികൾ തവക്കുൽ അവലംബിക്കാൻ അവിടുന്ന് സന്ദർഭാനുസൃതം ഉപദേശിക്കുമായിരുന്നു. ഒരു നിവേദനത്തിൽ കാണാം, ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് പ്രസ്താവിക്കുന്നു: ഹദ്റത്ത് അഖ്ദസ് (അ) അരുൾ ചെയ്തു: അല്ലാഹു ദുർബലനാണെന്ന് നിങ്ങൾ വിചാരിക്കരുത്! അവൻ അപാരമായ ശക്തിയുള്ളവനാണ്. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ അവനിൽ ഭരമേല്പിക്കുകയാണെങ്കിൽ അവൻ തീർച്ചയായും നിങ്ങളെസഹായിക്കും. അവൻ പറയുന്നു:

ومن يتوكل على الله فهو حسبه

(ആര് അല്ലാഹുവിൽ ഭരമേല്പിക്കുന്നുവോ, അവന് അല്ലാഹു തന്നെ മതിയായവനാണ്).

ഭാഗ്യാത്മാക്കളുടെ ഗുണവിശേഷങ്ങൾ വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: മറ്റൊരു പദവി തവക്കുലിന്റെ പദവിയാണ്. വളരെ ദൃഢമായി അവർ അതിൽ നിലകൊള്ളുന്നു. മറ്റുള്ളവർക്കാകട്ടെ, ആ പരിശുദ്ധ നീരുറവ ഒരിക്കലും ലഭിക്കുകയില്ല; മറിച്ച് അവർക്ക് വേണ്ടി മാത്രമാണ് അത് ആനന്ദതുന്ദിലമാക്കപ്പെടുന്നത്. ദിവ്യജ്ഞാനവെളിച്ചം അവരെ സദാ താങ്ങിനിർത്തുന്നു. ബാഹ്യമായ മാർഗോപാധികളിൽ നിന്ന് പൂർണ്ണമായി വിട്ടുനിൽക്കവേ പലപ്പോഴും പലവിധ പ്രയാസങ്ങളിൽ അകപ്പെടുമ്പോഴും, അവർ സദാ പ്രസന്നതയോടും മനശ്ശാന്തിയോടും കൂടി ജീവിതം നയിക്കുകയും തങ്ങളുടെ പക്കൽ ആയിരക്കണക്കിന് നിധികുംഭങ്ങൾ ഉണ്ടെന്നപോലെ സന്തോഷത്തോടെ ദിവസങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്യുന്നു. അവരുടെ മുഖങ്ങളിൽ സമൃദ്ധിയുടെ ഊഷ്മളതയും ധനികനാണെന്ന സ്ഥായീഭാവവും കാണാം. പ്രയാസ ഘട്ടത്തിൽ അങ്ങേയറ്റം വിശാലമനസ്സോടും ദൃഢവിശ്വാസത്തോടും കൂടി തങ്ങളുടെ കൃപാവരനായ രക്ഷിതാവിൽ ഭരമേല്പിക്കുന്നവരാണ് അവർ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹുവുമായി ബന്ധമുള്ളവർ പ്രയാസങ്ങളിലും ദുരിതങ്ങളിലും അല്ലാഹുവിൽ ഭരമേല്പിക്കുന്നു, അവനിൽ നിന്ന് അകന്നുപോകുന്നില്ല. 'ഇതെന്താണാവോ, പരീക്ഷണമാണോ, അതോ ശിക്ഷയാണോ?' എന്ന ചിന്തയൊന്നും അവർക്ക് ഉണ്ടാകുന്നില്ല. അല്ലാഹുവിൽ പൂർണ്ണമായി തവക്കുൽ ചെയ്യുകയും അവനോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുന്നതായാൽ അവൻ തന്റെ അനുഗ്രഹങ്ങൾ ചൊരിയുക തന്നെ ചെയ്യും.

അവിടുന്ന് അരുളിച്ചെയ്യുന്നു:

അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നവരും അല്ലാഹുവിലേക്ക് കുനിയുന്നവരും ഒരിക്കലും പാഴായിപ്പോകുകയില്ല! സ്വന്തം പരിശ്രമങ്ങളെ മാത്രം ആശ്രയിച്ചു കഴിയുന്ന മനുഷ്യന് നിന്ദ്യതയല്ലാതെ മറ്റെന്താണ് ലഭിക്കുക? ഐഹിക ലോകത്തെ വെടിയുന്നവർ അതിനെ പ്രാപിക്കുകയും അതിനു പിറകെ പായുന്നവർ അതിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യുന്നു എന്നത് ഈ ലോകം സൃഷ്ടിക്കപ്പെട്ടതു തൊട്ടുള്ള ദൈവികചര്യയത്രേ. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാത്തവർ തന്ത്രങ്ങളും വഞ്ചനകളും വഴി കുറച്ചുനാളത്തേക്ക് എന്തെങ്കിലും നേടിയെടുത്താൽ തന്നെയും അത് നിഷ്ഫലമാണ്. എന്തെന്നാൽ, ഒടുവിൽ അവർക്ക് കഠിനമായ പരാജയം നേരിടേണ്ടി വരുന്നു. ഇസ്‌ലാമിൽ കഴിഞ്ഞുകടന്നുപോയ മഹാത്മാക്കളെല്ലാം തന്നെ ദീനിന്റെ കാര്യം വരുമ്പോൾ ദുനിയാവിനെ ഒട്ടും ഗൗനിക്കാത്തവരാണ്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹുവിൽ തവക്കുൽ ഇല്ലാതാകുകയും, ഓരോ പ്രതിജ്ഞയിലും നാം ആവർത്തിക്കുന്ന ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നൽകുന്നതാണ് എന്ന ചിന്ത തന്നെ മനസ്സിൽ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ- ഇപ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാഅ് നടക്കുകയാണ്, അതിലും ഇതേ പ്രതിജ്ഞ ആവർത്തിക്കും- അത്തരം വ്യക്തിയുടെ വിശ്വാസദൗർബല്യം അവനെ പരലോകത്തിലെ അനുഗ്രഹങ്ങളിൽ നിന്നും അകറ്റുന്നതാക്കും.

ഈ ലോകത്തെ അവർ സർവ്വസ്വവുമായി കരുതുന്നു. അത് നേടിയെടുക്കാൻ അവർ പരിശ്രമിച്ചു കൊണ്ടിരുന്നു. ചിലർക്ക് അത് ലഭിച്ചു, മറ്റുചിലരാകട്ടെ അത് നേടാനുള്ള ശ്രമത്തിനിടയിൽ തന്നെ പരാജയപ്പെട്ട് ഈ ലോകത്തുനിന്ന് യാത്രയായി! അല്ലെങ്കിൽ ചിലർക്ക് അത് ലഭിക്കുകയും പിന്നെ അത് പാഴായിപ്പോവുകയും ചെയ്തു; തുടർന്ന് ഐഹികമായി വലിയ കഷ്ടപ്പാടുകളിൽ അവർ ജീവിതം കഴിച്ചുകൂട്ടി. അത്തരം ആളുകൾ ദീനിന്റെ ആളുകളുമല്ല, ദുനിയാവിന്റെ ആളുകളുമല്ല! ഇവരെക്കുറിച്ചാണ് ഒരു കവി പാടിയത്:

نہ خدا ہی ملا نہ وصال صنم

*ന: ഖുദാ ഹീ മിലാ, ന: വിസാലെ സനം*

(പടച്ചവനെ ഒട്ടും കിട്ടിയതുമില്ല, പ്രേയസിയെ പ്രാപിക്കാനുമായില്ല!).

അല്ലാഹു ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) നെ മുത്തവക്കിൽ (അല്ലാഹുവിൽ പൂർണ്ണമായി ഭരമേല്പിച്ചവൻ) എന്ന് നാമകരണം ചെയ്തിട്ടുണ്ട്. അവിടുന്ന് പറയുന്നു:

മസീഹിന്റെ ഇറക്കത്തിന്റെ അടയാളമായി രേഖപ്പെടുത്തിയിട്ടുള്ളത്, അദ്ദേഹം രണ്ട് മലക്കുകളുടെ ചിറകുകളിൽ തന്റെ കൈപ്പത്തികൾ വെച്ചിട്ടുണ്ടാകും എന്നാണ്. യുക്തിപരവും ആധ്യാത്മികവുമായ വിജ്ഞാനത്തിന്റെ മാർഗങ്ങളായ അദ്ദേഹത്തിന്റെ വലതും ഇടതും കൈകൾക്ക്

സ്വർഗീയപ്രവൃത്തികൾ ചെയ്യാൻ ചുമതലപ്പെട്ട വരുടെ -അഥവാ മലക്കുകളുടെ- കൈത്താങ്ങ് ഉണ്ടായിരിക്കും എന്നതിലേക്കുള്ള സൂചന യാണ് ഇത്. അതായത് ആന്തരിക വെളിച്ചമായ യുക്തിജ്ഞാനങ്ങളും ദീനിനെ സംബന്ധിച്ച ആധ്യാത്മിക കാര്യങ്ങളും മലക്കുകളുടെ സഹാ യത്താൽ ഉണ്ടാകും. ഇതാണ് രണ്ട് മലക്കുക ളുടെ ചിറകുകളിൽ കൈവെക്കുക എന്നതിന്റെ അർത്ഥം. അദ്ദേഹത്തിന്റെ കൈകൾക്ക് മലക്കുക ളുടെ പിന്തുണ ഉണ്ടായിരിക്കും. അവിടുന്ന് വിദ്യാ ലയങ്ങളിൽ നിന്നോ പുസ്തകങ്ങളിൽ നിന്നോ ശൈഖുമാരിൽ നിന്നോ അല്ല,മറിച്ച് അല്ലാഹുവിൽ നിന്ന് നേരിട്ട് ദിവ്യജ്ഞാനം നേടുന്നതാണ്. അതാ യത് അല്ലാഹു തന്നെ പകർന്നു നൽകുന്ന വിജ്ഞാനം! അതുപോലെ, അദ്ദേഹത്തിന്റെ ജീവിത ആവശ്യങ്ങൾ നിറവേറ്റുന്നവനും സംരക്ഷ കനും അല്ലാഹു തന്നെയായിരിക്കും.

അവിടുന്ന് അരുൾ ചെയ്യുന്നു: പത്തു വർഷം മുൻപ് ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിൽ ഈ എളിയവനെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ഇൽഹാം ഇപ്രകാരമാണ്:

انک باعیننا سمیتک المتوکل وعلمناہ من لدنا علما

(തീർച്ചയായും നീ നമ്മുടെ കണ്ണുകൾക്ക് മുന്നിലാണ്; നാം നിനക്ക് മുത്തവക്കിൽ എന്ന് നാമകരണം ചെയ്യുകയും നമ്മുടെ പക്കൽ നിന്ന് നിനക്ക് അറിവ് പഠിപ്പിച്ചു തരികയും ചെയ്തിരിക്കുന്നു).

ദുആയെയും തവക്കുലിനെയും കുറിച്ച് അവി ടുന്ന് അരുൾ ചെയ്യുന്നു:

എല്ലാ തടസ്സങ്ങളും പ്രയാസങ്ങളും നീങ്ങുന്നത് ദുആ കൊണ്ടാണ്! നമ്മുടെ കൈയിൽ ആരുടെ യെങ്കിലും നന്മയ്ക്കായി എന്തെങ്കിലും ഉണ്ടെങ്കിൽ- അത് മിത്രത്തിനാകട്ടെ, ശത്രുവിനാകട്ടെ- അത് അല്ലാഹു നമുക്ക് നൽകിയിട്ടുള്ള ദുആ എന്ന ഒരൊറ്റ ആയുധം മാത്രമാണ്! കറുപ്പിനെ വെളു പ്പാക്കാനോ വെളുപ്പിനെ കറുപ്പാക്കാനോ നമുക്ക് സാധിക്കുകയില്ല. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് നമുക്ക് നൽകുന്നതല്ലാതെ തരിമ്പും നമ്മുടെ കൈയിലില്ല.

പ്രാർത്ഥനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടും അല്ലാഹുവിൽ തവക്കുൽ വളർത്തിയെടുക്കാൻ ഉപദേശിച്ചുകൊണ്ടും അവിടുന്ന് പറയുന്നു: ആത്മീയ സംസ്കരണത്തിനും ഗുണപര്യവസ ാനം കരഗതമാകുന്നതിനും, നന്മകൾ പ്രവർ ത്തിക്കാൻ തൗഫീഖ് കൈവരുന്നതിനുമുള്ള മറ്റൊരു മാർഗം ദുആയാണ്! അല്ലാഹുവിൽ തവക്കുലും ഉറച്ച യഖീനും അർപ്പിച്ചുകൊണ്ട്, തളരാത്ത പാദങ്ങളോടെ ഈ മാർഗ്ഗത്തിൽ എത്ര ത്തോളം ഉറച്ചുനിൽക്കുന്നുവോ, അത്രത്തോളം സത്ഫലങ്ങളും സുകൃതങ്ങളും ലഭിക്കുന്നതാണ്! സകലവിധ പ്രതിസന്ധികളും അകന്നുപോകു കയും പ്രാർത്ഥിക്കുന്ന വ്യക്തി തഖ്വയുടെ ഉത്തുംഗ പദവിയിൽ എത്തിച്ചേരുകയും ചെയ്യും!

അവിടുത്തെ തവക്കുലിന്റെ തലങ്ങൾ വിവരി ച്ചുകൊണ്ട് അവിടുത്തെ ജീവചരിത്രകാരനായ ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) എഴുതുന്നു:

കോടതിക്കേസ്സുകൾക്കായി തയ്യാറെടുക്കാൻ അവിടുന്ന് അത്യധികം പരിശ്രമിക്കുകയും പ്ര യത്നിക്കുകയും ചെയ്തിരുന്നെങ്കിലും അത്തരം ലൗകിക മാർഗങ്ങളിൽ അവിടുന്ന് ഒരിക്കലും വിശ്വാസം അർപ്പിച്ചിരുന്നില്ല! മറിച്ച് അവിടുന്ന് ദുആ ചെയ്യുകയായിരുന്നു പതിവ്. അല്ലാഹു വിന്റെ പവിത്ര സത്ത മാത്രമായിരുന്നു സദാ അവിടുത്തെ മുന്നിൽ ഉണ്ടായിരുന്നത്.അവൻ മാത്രമായിരുന്നു അവിടുത്തെ ആരാധന്യനും ആത്യന്തിക ലക്ഷ്യവും ; അവനിൽ മാത്രമായി രുന്നു അവിടുത്തെ തവക്കുലും തികഞ്ഞ ആശ്ര യവും!

തന്റെ ഒരു ആത്മാർത്ഥ വ്യക്തിക്ക് അവിടുന്ന് നൽകിയ ഉപദേശത്തെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) തന്റെ നിവേദന ത്തിൽ വിവരിക്കുന്നു:

ഫൈദുല്ലാ ചക് നിവാസിയായ ഹാഫിള് നൂർ മുഹമ്മദ് സാഹിബ് എനിക്ക് ഇപ്രകാരം എഴുതി: ഹാഫിള് ഹാമിദ് അലി സാഹിബിൽ നിന്ന് ഞാൻ ഈ ഉദ്ധരണി കേൾക്കുകയുണ്ടായി: ഹദ്റത്ത് അഖ്ദസ് (അ) അരുളിച്ചെയ്തു: എപ്പോഴെങ്കിലും ഏതെങ്കിലും കേസുമായി ബന്ധപ്പെട്ടോ മറ്റോ വല്ല ഭരണാധികാരിയുടെയോ ജഡ്ജിയുടെയോ മുന്നിൽ പോകേണ്ടി വരികയാണെങ്കിൽ, പോകുന്നതിന് മുൻപ് ഏഴ് തവണ സൂറത്തുൽ ഫാതിഹ പാരായണം ചെയ്യുകയും, ഏഴ് തവണ സ്വന്തം വിരൽ കൊണ്ട് നെറ്റിയിൽ യാ അസീസ് എന്ന് എഴുതുകയും ചെയ്യുക; അങ്ങനെ ചെ യ്താൽ അല്ലാഹു വിജയം നൽകുന്നതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് എഴുതുന്നു:

ഇസ്തിഗ്നാ അൻ ഗൈരില്ലാഹ് അഥവാ അല്ലാഹുവല്ലാത്ത സർവ്വതിൽ നിന്നും മനസ്സിനെ മുക്തമാക്കൽ എന്ന അവസ്ഥയും, അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന അവസ്ഥയും സംജാതമാക്കുന്നതിന് വേണ്ടിയായിരിക്കാം അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തത്!

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹുവിൽ തവക്കുൽ ചെയ്യുക എന്ന എത്രയും മഹത്തായ ഈ പദവി തന്റെ യജമാനരായ തിരുനബി(സ)യെ അനുധാവനം ചെയ്തുകൊണ്ട് വാഗ്ദത്ത മസീഹി(അ)ന്റെ ജീവിതത്തിൽ നമുക്ക് സർവത്ര കാണാൻ സാധിക്കും. അല്ലാഹു നമുക്കും തവക്കുലിന്റെ ഉന്നതമായ നിലവാരങ്ങൾ കൈവരിക്കാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلا ھَادِیَ لَہٗ۔ وَنَشْہَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْہَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرْ۔

**FRIDAY SERMON SUMMARY**

DELIVERED BY

**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 25.09.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516